**ഗ്രാമ ന്യായാലയ പുതുപ്പരിയാരം, പാലക്കാട്**

**ഹാജർ :-ശ്രീമതി. സൈറ പുതിയപറമ്പത്ത് (BA, LLB), ന്യായാധികാരി**

**ഗ്രാമ ന്യായാലയ പുതുപ്പരിയാരം**

2026 ജൂൺ മാസം 13-ആം തിയ്യതി

**എസ്. ടി. 199/2019**

| | | |
|---|---|---|
| വാദി/പരാതിക്കാരൻ | : | സ്റ്റേറ്റിനെ പ്രതിനിധികരിച്ച് സ്റ്റേഷൻ ഹൗസ് ഓഫീസർ, കസബ ക്രൈം നമ്പർ 413/19 |
| പ്രതി/ എതിർ കക്ഷി | : | കുമാരവേൽ തങ്കരാജ്, 35/19 വയസ്സ്,<br>തങ്കരാജ് മകൻ, നോർത്തകാട് ,<br>ചിന്നമനക്കാൻപാളയം4/152,വാഴപ്പാടി,<br>സേലം, തമിഴ്നാട്. |
| കുറ്റകൃത്യം/ വകുപ്പ് | : | ഇന്ത്യൻ ശിക്ഷാ നിയമം 279,337 വകുപ്പുകൾ |

ഈ കേസ്സ് ഇന്നേ ദിവസത്തെ നടപടി ക്രമങ്ങൾക്കായി പരിഗണനയ്ക്ക് വന്നതിൽ താഴെ പറയും പ്രകാരം വിധി പുറപ്പെടുവിച്ചിരിക്കുന്നു.

**വിധിന്യായം**

ഈ കേസ്സ് ക്രൈം നമ്പർ 413/19 കസബ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തതും ഇന്ത്യൻ ശിക്ഷാ നിയമം 279, 337 വകുപ്പുകൾ പ്രകാരം സ്റ്റേഷൻ ഹൗസ് ഓഫീസർ പ്രതിക്കെതിരെ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുള്ളതും എസ്.ടി 199/19 ആയി ഈ കോടതി ഫയലിൽ സ്വീകരിച്ചിട്ടുള്ളതുമാണ്.

പ്രതി കോടതി മുൻപാകെ ഹാജരായില്ല. പ്രതിക്ക് വേണ്ടി അഭിഭാഷകൻ ഹാജരായി. പ്രോസിക്യൂഷൻ, കോടതി മുൻപാകെ ഹാജരാക്കിയ രേഖകളുടെ പകർപ്പുകൾ പ്രതിക്ക് വേണ്ടി അഭിഭാഷകന് നൽകി. പ്രതിക്ക് വേണ്ടി ഇന്ത്യൻ ശിക്ഷാ നിയമം 279, 337 വകുപ്പുകൾ പ്രകാരമുള്ള കുറ്റചുരുക്കം

അഭിഭാഷകനെ വായിച്ചു കേൾപ്പിക്കുകയും  മനസ്സിലാക്കി കൊടുക്കുകയും ചെയ്തു. പ്രതി കുറ്റം സമ്മതിക്കുന്നതായി അഭിഭാഷകൻ കോടതി മുൻപാകെ ബോധിപ്പിച്ചു. പ്രതി അഭിഭാഷകൻ മുഖേന കുറ്റസമ്മതം നടത്തിയത് സ്വമേധയാ ആണെന്ന് കോടതിക്ക് ബോധ്യപ്പെട്ടു. Probation of offenders Act ന്റെ വകുപ്പുകൾ ഈ കേസ്സിന്റെ വസ്തുതകളിൽ ബാധകമല്ല. ആയതിനാൽ പ്രതിക്ക് പ്രതികൂലമായി എന്തെങ്കിലും ഭവിക്കുന്നതായി കോടതിക്ക് ബോധ്യപ്പെടുകയോ ചെയ്തിട്ടില്ല. ആയതുകൊണ്ട് പ്രതിയുടെ കുറ്റസമ്മതം കോടതി സ്വീകരിച്ചു. പ്രതി ഇന്ത്യൻ ശിക്ഷാ നിയമം 279, 337, വകുപ്പുകൾ പ്രകാരം കുറ്റക്കാരനാണെന്ന് കാണുന്നു. ആകയാൽ പ്രതിയെ ഇന്ത്യൻ ശിക്ഷാ നിയമം 279-ആം വകുപ്പ് പ്രകാരമുള്ള കുറ്റത്തിന് 500/- രൂപ പിഴ അടയ്ക്കുവാനും ഇന്ത്യൻ ശിക്ഷാ നിയമം 337-ആം വകുപ്പ് പ്രകാരം 200/- രൂപ പിഴ അടയ്ക്കുവാനും അല്ലാത്ത പക്ഷം പ്രതിയെ 5 ദിവസം വെറും തടവിൽ പാർപ്പിക്കുവാനും ഇതിനാൽ വിധിച്ചിരിക്കുന്നു

ഇന്നേ ദിവസമായ 2026 ജൂൺ മാസം 13-ആം തിയ്യതി ഗ്രാമ ന്യായാലയയിൽ വെച്ച് ഈ ഉത്തരവ് പ്രഖ്യാപിച്ചു.

Sd/-

**ന്യായാധികാരി**
ഗ്രാമ ന്യായാലയ, പുതുപ്പരിയാരം.

-//ശരി പകർപ്പ് //-

**ന്യായാധികാരി**
ഗ്രാമ ന്യായാലയ, പുതുപ്പരിയാരം.

Fair/Copy of Order in
ST 199/2019
Dated :13.06.2026